# മഹാത്മാഗാന്ധി സർവ്വകലാശാല

**സംഗ്രഹം**

അന്തർസർവ്വകലാശാലാ കേന്ദ്രം - സുസ്ഥിര ജൈവകൃഷിക്കായുള്ള അന്തർസർവ്വകലാശാലാ കേന്ദ്രം - എക്സിക്യൂട്ടീവ് സമിതിയോഗത്തിൻെറ തീരുമാനങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണവിഭാഗം എ7 സെക്ഷൻ**

**യു.ഓ നം. 7164/എ7/3/2017/ഭ:വി** **പ്രിയദർശിനി ഹിൽസ്, തീയതി 06.12.2017**

പരാമർശം (1) സുസ്ഥിര ജൈവകൃഷിക്കായുള്ള അന്തർസർവ്വകലാശാലാ കേന്ദ്രത്തിൻെറ- 23.11.2017-ലെ എക്സിക്യൂട്ടീവ് സമിതി യോഗത്തിൻെറ മിനിട്ട്സ്.

**ഉത്തരവ്**

സുസ്ഥിര ജൈവകൃഷിക്കായി രൂപീകരിച്ച അന്തർസർവ്വകലാശാലാ കേന്ദ്രത്തിൻെറ എക്സിക്യൂട്ടീവ് സമിതി, 23.11.2017 ന് രാവിലെ 11.30 ന് ബഹു:പ്രൊ-വൈസ് ചാൻസിലറുടെ ചേംബറിൽ കൂടിയിരുന്നു. പരാമർശം (1) മിനിട്ട്സ് പ്രകാരം, ടി യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

**തീരുമാനം 1:**

കോട്ടയം ജില്ലയിൽ വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജൈവ കൃഷി സാക്ഷരതായജ്ഞം (ജൈവം 2017 പദ്ധതി) മറ്റ് സർവ്വകലാശാലകളുടെ പരിധികളിലേയ്ക്കും വ്യാപിപ്പിക്കുന്നതിൻെറ മുന്നോടിയായി, ജൈവ സുസ്ഥിര കൃഷിക്കായുള്ള അന്തർ സർവ്വകലാശാല കേന്ദ്രത്തിൻെറ ആഭിമുഖ്യത്തിൽ, തെരഞ്ഞെടുത്ത ഏഴ് പഞ്ചായത്തുകളിൽ നാഷണൽ സർവ്വീസ് സ്കീം യൂണിറ്റുകളെക്കൂടി സഹകരിപ്പിച്ചുകൊണ്ട് തുടർയജ്ഞങ്ങൾ നടത്തുന്നതിനുള്ള താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിച്ചു.

**ബോധവത്കരണം നടത്താൻ ഉദ്ദേശിക്കുന്ന പ്രദേശങ്ങൾ**

1. ചിങ്ങോലി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല (കേരള സർവ്വകലാശാല)
2. കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല (കേരള സർവ്വകലാശാല)
3. റാന്നി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല (മഹാത്മാഗാന്ധി സർവ്വകലാശാല)
4. മൂന്നാർ ഗ്രാമ പഞ്ചായത്ത്, ഇടുക്കി ജില്ല (മഹാത്മാഗാന്ധി സർവ്വകലാശാല)
5. പറപ്പൂക്കര ഗ്രാമ പഞ്ചായത്ത്, തൃശൂർ ജില്ല (കോഴിക്കോട് സർവ്വകലാശാല)
6. മാനന്തവാടി മുനിസിപ്പാലിറ്റി, വയനാട് ജില്ല (കണ്ണൂർ സർവ്വകലാശാല)
7. പിണറായി ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല (കണ്ണൂർ സർവ്വകലാശാല)

**പ്രധാന ലക്ഷ്യങ്ങൾ**

1. ബഹു: കേരള മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം, മഹാത്മാഗാന്ധി സർവ്വകലാശാലയിലെ 'സുസ്ഥിര ജൈവകൃഷിക്കായുള്ള അന്തർ സർവ്വകലാശാലകേന്ദ്രം' വിഭാവനം ചെയ്ത 'ജൈവം' എന്ന സാക്ഷരതാ പദ്ധതിയുടെ

(മറുപുറം)

മാതൃകകൾ പത്തനംതിട്ട, ഇടുക്കി ജില്ലകളിലേക്കും കേരളത്തിലെ മറ്റ് സർവ്വകലാശാലകളുടെ പരിധികളിലേയ്ക്കും വ്യാപിപ്പിക്കുക.

2. മുകളിൽ പരാമർശിച്ചിരിക്കുന്ന തദ്ദേശസ്വയംഭരണ പ്രദേശങ്ങളെ ജൈവ സാക്ഷരമാക്കുക.
3. ജലസംരക്ഷണത്തെക്കുറിച്ചും പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുമുള്ള സന്ദേശ പ്രചരണങ്ങൾ സംഘടിപ്പിക്കുക.
4. ഗൃഹമാലിന്യം, പ്ലാസ്റ്റിക് എന്നിവയുടെ സംസ്കരണത്തെക്കുറിച്ച് അറിവ് പകർന്നു നൽകുക.
5. തദ്ദേശീയമായ കൃഷിരീതികൾ, നാട്ടറിവുകൾ, വിത്തിനങ്ങൾ, കൃഷിക്കായുള്ള ആയുധങ്ങൾ, ഉപകരണങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരശേഖരണം നടത്തുക.
6. ദൃശ്യകലകൾ, അനുഷ്ഠാന കലകൾ, കൃഷി സംബന്ധിയായ സാഹിത്യം, സംഗീതം, തുടങ്ങിയവയെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുക
7. പ്രാദേശിക പാരിസ്ഥിതിക പ്രശ്നങ്ങൾ, കൃഷി, ജലവിനിയോഗം, മാലിന്യ സംസ്കരണം എന്നിവടയക്കുറിച്ചുള്ള വിവരശേഖരണം നടത്തുക.
8. പഠനറിപ്പോർട്ടുകൾ തയ്യാറാക്കുക.

മറ്റ് സർവ്വകലാശാലകൾക്കു കീഴിലുള്ള പഞ്ചായത്തുകളിൽ കോളേജ്/ഹയർ സെക്കണ്ടറി/വി.എച്ച്.എസ്.ഇ സ്കൂളുകളിലെ എൻ.എസ്.എസ് യൂണിറ്റുകളുടെ സഹകരണത്തോടെ ജൈവം പദ്ധതി നടപ്പിലാക്കുന്നതിനു തീരുമാനിച്ചു. ക്യാമ്പിൽ പങ്കെടുക്കുന്ന പ്രോഗ്രാം ഓഫീസർമാർക്ക് മഹാത്മാഗാന്ധി സർവ്വകലാശാല ക്യാമ്പസ്സിൽ വച്ചും വോളൻറിയർ സെക്രട്ടറിമാർക്കും വോളൻറിയർമാർക്കും അതത് പഞ്ചായത്തുകളിൽ വച്ച് ഏകദിന മിനി ക്യാമ്പുകൾ നടത്തുന്നതിനു തീരുമാനിച്ചു. പ്രചരണ പരിപാടികളും വിവരശേഖരണവും ക്രിസ്മസ് അവധിക്കാലത്തു പ്രത്യേക എൻ എസ് എസ് ക്യാമ്പായി നടത്തുന്നതിനു തീരുമാനിച്ചു. കൂടാതെ പരിശീലന പരിപാടികളിൽ പങ്കെടുക്കാനെത്തുന്ന പ്രോഗ്രാം ഓഫീസർമാർക്ക് അർഹമായ ടി.എ/ഡി.എ അന്തർ സർവ്വകലാശാല കേന്ദ്രം നൽകിയ നടപടിയും അംഗീകരിച്ചു. ക്യാമ്പുകൾ നടത്തുന്നതിനായി എൻ എസ് എസ് യൂണിറ്റുകൾക്ക് ₹10,000/- രൂപയും നൽകാൻ തീരുമാനിച്ചു. ചില എൻ.എസ്.എസ് യൂണിറ്റുകൾ നടപ്പു വർഷത്തെ ക്യാമ്പുകൾ പൂർത്തിയാക്കിയതിനാൽ സംസ്ഥാന എൻ എസ് എസ് കോ-ഓർഡിനേറ്ററുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് അധിക തുക അനുവദിക്കുന്നതിനും തീരുമാനിച്ചു

**പദ്ധതി നിർവ്വഹണ കലണ്ടർ**

| ക്രമ നം | ഇനം | മാസം |
|---|---|---|
| 1. | എൻ എസ് എസ് പ്രോഗ്രാം ഓഫീസർമാർക്കുള്ള പരിശീലനം | നവംബർ 2017 |
| 2. | എൻ എസ് എസ് വോളൻറിയർ സെക്രട്ടറിമാർക്കുള്ള പരിശീലനം | നവംബർ 2017 |
| 3. | എൻ എസ് എസ് വോളൻറിയർമാർക്കായുള്ള പഞ്ചായത്ത് തല പരിശീലനം | നവംബർ 2017 |

| | | |
|---|---|---|
| 4. | ജൈവ ബോധവത്കരണ യജ്ഞത്തിനായുള്ള മുന്നൊരുക്കങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള വിവരശേഖരണവും തയ്യാറെടുപ്പുകളും | നവംബർ/ഡിസംബർ 2017 |
| 5. | ജൈവ ബോധവത്കരണ യജ്ഞം | നവംബർ/ഡിസംബർ 2017 |

മേൽ നിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ടുള്ള അന്തർസർവകലാശാല കേന്ദ്രത്തിന്റെ എക്സിക്യൂട്ടീവ് സമിതിയുടെ തീരുമാനം അംഗീകരിക്കുന്നതിനു തീരുമാനിച്ചു.

**തീരുമാനം 2:**

അന്തർ സർവ്വകലാശാല കേന്ദ്രം നടത്തി വരുന്ന 'ജൈവം' പദ്ധതി സംസ്ഥാന സർക്കാരിന്റെ 'ഹരിതകേരളം മിഷന്റെ' പ്രവർത്തനങ്ങളുമായി സഹകരിച്ചു കൊണ്ട് വ്യാപിപ്പിക്കുന്നതിനും അനുമതി നൽകുന്നതിനു തീരുമാനിച്ചു.

ഇതിനായി ജൈവത്തിന്റെ ഉദ്ഘാടന ചടങ്ങിൽ ബഹു:മുഖ്യമന്ത്രി നിർദ്ദേശിച്ചതു പോലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും മഹാത്മാഗാന്ധി സർവ്വകലാശാലയുടെയും നേതൃത്വത്തിൽ നടക്കുന്ന പൂരക പ്രവർത്തനങ്ങളായി ജൈവം പദ്ധതിയെ ഹരിത കേരളം മിഷന്റെ കുടക്കീഴിൽ കൊണ്ടുവരുന്നതിനായി 'ഹരിതകേരളം മിഷൻ' അദ്ധ്യക്ഷൻ എന്ന നിലയിൽ വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനു ബഹു: മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നതിനു തീരുമാനിച്ചു.

**തീരുമാനം 3:**

അന്തർ സർവ്വകലാശാല കേന്ദ്രത്തിന്റെ സ്ഥാപനത്തിനായി ഒരു കോടി രൂപ അനുവദിച്ചതിൽ 25 ലക്ഷം രൂപ 'പ്രകൃതി' എന്ന കാർഷിക ഉച്ച കോടി നടത്തുന്നതിനായി വകയിരുത്തിയിരുന്നു. ഇതിനെത്തുടർന്ന് ഡിസംബർ 2016ൽ കേന്ദ്രം ജൈവ സുസ്ഥിര കൃഷിയിലെ നൂതന പ്രവണതകളെപ്പറ്റിയുള്ള ഒരു അന്താരാഷ്ട്ര സെമിനാർ, കാർഷിക പ്രദർശനം, മേള, കലാപരിപാടികൾ, സംവാദങ്ങൾ, കർഷക കൂട്ടായ്മ എന്നിവ നടത്തിയിരുന്നു. എന്നാൽ ഇതിനായി ചിലവായ ₹8,77,334/- രൂപ യു ജി സിയുടെ പന്ത്രണ്ടാം പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള 10 ലക്ഷം രൂപയിൽ വകയിരുത്താമെന്നതിനാൽ ജൈവത്തിന്റെ ഭാഗമായി ജൈവ സുസ്ഥിര കൃഷിയിലെ നൂതന പ്രവണതകളെപ്പറ്റിയുള്ള രണ്ടാം അന്താരാഷ്ട്ര സെമിനാർ, കർഷിക മേള, പ്രദർശനം, കലാപരിപാടികൾ, കർഷക സംവാദങ്ങൾ, കാർഷിക മേഖലയുമായി ബന്ധപ്പെട്ട കലാരൂപങ്ങളുടെ അവതരണം, ഭക്ഷ്യ മേള/ ഭക്ഷ്യ ശാലകൾ എന്നിവ 'ഹരിത കേരള ജൈവ ഉച്ചകോടി 2018' എന്ന പേരിൽ 2018 ഏപ്രിൽ 22-24 വരെ കോട്ടയം സി.എം.എസ് കോളേജിൽ സംഘടിപ്പിക്കുന്നതിനും ആയതിലേക്ക് പദ്ധതി രേഖയിൽ അനുവദിച്ചിരിക്കുന്ന 25 ലക്ഷം രൂപ വിനിയോഗിക്കുന്നതിനും, കൂടാതെ 'ജൈവത്തിന്റെ' ബജറ്റിൽ സെമിനാറുകൾക്കും വർക്ക് ഷോപ്പുകൾക്കുമായി വകയിരുത്തിയിട്ടുള്ള 5 ലക്ഷം രൂപ കൂടി ഇതിനായി വിനിയോഗിക്കുന്നതിനും തീരുമാനിച്ചു. സെമിനാർ ഓർഗനൈസിംഗ് സമിതിയേയും ഗ്ലോബൽ ഓർഗാനിക് മീറ്റിന്റെ കോർ വർക്കിംഗ് ഗ്രൂപ്പിനെയും താഴെപ്പറയുന്ന രീതിയിൽ സംഘടിപ്പിക്കുന്നതിനു തീരുമാനിച്ചു..

**Seminar Organising Committee**

**Chief Patrons:** Dr. Babu Sebastian, Hon'ble Vice Chancellor
Dr. K Ramaswamy, Vice Chancellor, Tamil Nadu Agricultural University

**Patrons:**
1. Prof. (Dr) Sabu Thomas, Pro Vice Chancellor
2. Dr. P K Harikumar, Member Syndicate
3. Dr. S Sujatha, Member Syndicate
4. Dr. A Jose, Member Syndicate
5. Prof. Tomichan Joseph , Member Syndicate
6. Dr. Roy Sam Daniel, Principal, CMS College,Kottayam

**General Convener:** Sri. M R Unni, Registrar and Hon.Director, IUCOFSA

**Seminar Director:** Dr. Prakashkumar B, Professor, School of Biosciences

**Conveners:**

a. Dr. Thomas John Mampara, Controller of Examinations
b. Dr. A. P. Thomas, Honorary Director, Advanced Centre for Environmental Studies & Sustainable Development
c. Dr. K. Jayachandran, Professor, School of Biosciences

**Members:**

a. Prof. (Dr.) C. T. Aravindakumar, Professor, School of Environmental Sciences
b. Prof. (Dr.) M. S. Jisha, Co-ordinator, NIPST
c. Dr. Santhosh P Thampi, University NSS Programme Programme Co-ordinator
d. Dr. Nandakumar Kalarikkal, Associate Professor, School of Pure and Applied Physics
e. Dr. Girishkumar R, Asst. Professor, School of International Relations and Politics
f. Dr. Aju Narayanan, Asst. Professor, School of Letters
g. Sri. K V Dayal
h. Principal Agriculture Officer, Kottayam District
i. Project Director, Agricultural Technology Management Agency (ATMA), Kottayam
j. Sri. George Mullakkara, Kerala Jaiva Karshaka Samithi

**Core Working Committee of the Global Organic Meet**

1. Sri. M R Unni, Registrar & Hon.Director, IUCOFSA
2. Dr. Prakashkumar B, Professor, School of Biosciences
3. Dr. K. Jayachandran, Professor, School of Biosciences
4. Dr. Roy Sam Daniel, Principal, CMS College
5. Dr. Robinet Jacob, Director, School of Tourism Studies
6. Dr. Santhosh P Thampi, NSS Programme Co-ordinator
7. Sri. Sunil Babu K, Assistant Registrar (CAP)

**തീരുമാനം 4:**

ജൈവം 2017 പദ്ധതി നടപ്പിലാക്കിയ കോട്ടയം ജില്ലയിലെ 77 പഞ്ചായത്തുകളിലെയും പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്ന മറ്റ് അഫിലിയേറ്റിംഗ് സർവ്വകലാശലകളിലെ എട്ട് പഞ്ചായത്തുകളിലെയും എല്ലാ സ്കൂളുകളിലെയും (ഹൈസ്ക്കൂൾ/ഹയർ സെക്കണ്ടറി സ്കൂളുകൾ

-എയ്ഡഡ്/അൺ എയ്ഡഡ് സ്ക്കൂളുകൾ ഉൾപ്പെടെ) ഹെഡ്മാസ്റ്റർമാർക്കു അന്തർ സർവ്വകലാകേന്ദ്രത്തിൻെറ ആഭിമുഖ്യത്തിൽ ജൈവകൃഷി സംബന്ധമായ പരിശീലനം നൽകുന്നതിനും തുടർന്ന് പരിശീലനം ലഭിച്ച ഹെഡ്മാസ്റ്റർമാർ തങ്ങളുടെ സ്കൂളുകളിലെ അദ്ധ്യാപകർക്ക് ജൈവ കർഷക സമിതിയിലെ അംഗങ്ങളുടെ സഹായത്തോടെ പരിശീലനം നൽകുന്നതിനും തുടർന്ന് അതാത് സ്ക്കൂളുകളിൽ ജൈവ കൃഷി പരിശീലനത്തിനായി അന്തർ സർവ്വകലാശാല കേന്ദ്രത്തിലെ ജൈവ കൃഷി വിദഗ്ധരുമായി ചേർന്ന് പഠന സഹായി തയ്യാറാക്കുന്നതിനും ഇതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിൻെറ പദ്ധതി വിഹിതത്തിൽ നിന്നും 25 ലക്ഷം രൂപ അനുവദിക്കുന്നതിനു ഉന്നത വിദ്യാഭ്യാസ വകുപ്പിനോട് അഭ്യർത്ഥിക്കുന്നതിനു തീരുമാനിച്ചു.

**തീരുമാനം 5:**

ജർമനിയിലെ കാസ്സൽ സർവ്വകലാശാലയിലെ 'സെക്ഷൻ ഓഫ് ഓർഗാനിക് ഫുഡ് ക്വാളിറ്റി'-യുടെ വകുപ്പദ്ധ്യക്ഷയായ പ്രൊഫ(ഡോ.)എയ്ഞ്ചലിക്ക പ്ലേജർ അഭ്യർത്ഥിച്ചതനുസരിച്ച് അന്തർസർവ്വകലാശാലാ കേന്ദ്രവും കാസ്സൽ സർവ്വകലാശാലയും കൂടിച്ചേർന്ന് ഓർഗാനിക് സർട്ടിഫിക്കേഷനിൽ പി.ജി ഡിപ്ലോമ പ്രോഗ്രാം നടത്തുന്നതിനു ധാരണയായിട്ടുണ്ട്. ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റത്തിലുള്ള പ്രസ്തുത പ്രോഗ്രാമിൻെറ, ഇതിനോടകം തയ്യാറായിക്കഴിഞ്ഞ സിലബസ് കാസ്സൽ സർവ്വകലാശാലക്കു അയച്ചു കൊടുത്തിട്ടുണ്ട്. സിലബസ് അക്കാദമിക് കൗൺസിൽ അംഗീകരിക്കുകയും പ്രോഗ്രാം ആരംഭിക്കുന്നതിനുള്ള അനുമതി സിൻഡിക്കേറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. കാസ്സൽ സർവ്വകലാശാലയുമായുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ ഈ പ്രോഗ്രാമിലെ പഠിതാക്കൾക്ക് കാസ്സൽ സർവ്വകലാശാലയിൽ മൂന്നു മാസത്തെ പരിശീലനം നൽകുന്നതിനും ധാരണയായിട്ടുണ്ട്.

കൂടാതെ, ഗവേഷണ, അക്കാദമിക മേഖലകളിൽ സഹകരിക്കുന്നതിനു കാസ്സൽ സർവ്വകലാശാലയുമായി ഒരു ധാരണാപത്രവും ഒപ്പിട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ കാസ്സൽ സർവ്വകലാശാലയുമായി ഗവേഷണ-അക്കാദമിക മേഖലകളിൽ സഹകരിക്കുന്നതിനും പ്രസ്തുത സർവ്വകലാശാലയുമായി സഹകരിച്ചുകൊണ്ട് ഓർഗാനിക് സർട്ടിഫിക്കേഷനിലുള്ള പി ജി ഡിപ്ലോമ പ്രോഗ്രാം നടത്തുന്നതിനു തീരുമാനിച്ചു. പ്രസ്തുത കോഴ്സ് ഡ്യൂവൽ ഡിഗ്രി പ്രോഗ്രാം ആയി നടത്തുന്നതിനു ആവശ്യമായ നിയമ ഭേദഗതികൾ നടത്തുന്നതിനു വേണ്ട നടപടികൾ കൈക്കൊള്ളുന്നതിനു പ്രോ വൈസ് ചാൻസലറെ ചുമതലപ്പെടുത്തുന്നതിനു തീരുമാനിച്ചു.

**തീരുമാനം 6:**

സർവ്വകലാശാലയിലെ പഠനവകുപ്പുകളിൽ നടത്തപ്പെടുന്ന വിവിധ പി.ജി പ്രോഗ്രാമുകളിലെ വിദ്യാർത്ഥികൾക്ക് ജൈവകൃഷി, ജൈവകൃഷിയുമായി ബന്ധപ്പെട്ട ദൃശ്യകലകൾ, അനുഷ്ടാനകലകൾ, കൃഷി സംബന്ധിയായ സാഹിത്യം, സംഗീതം, എന്നിവ പഠിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിനായി ജൈവ കാർഷിക സംസ്കൃതിയിൽ ഓപ്പൺ കോഴ്സ് തുടങ്ങുന്നത് ഉചിതമായിരിക്കുമെന്നതിനാൽ ഈ വിഷയങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഓപ്പൺ കോഴ്സിനായി സിലബസ് തയ്യാറാക്കിയിട്ടുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് സർവ്വകലാശാല സിൻഡിക്കേറ്റ്/അക്കാദമിക് കൗൺസിൽ എന്നിവയുടെ അംഗീകാരത്തിനു വിധേയമായി ജൈവ കാർഷിക സംസ്കൃതിയിൽ നാലു ക്രെഡിറ്റിലുള്ള ഓപ്പൺ കോഴ്സ് ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിനു തീരുമാനിച്ചു.

**തീരുമാനം 7:**

ജൈവകൃഷി പ്രചരണ പ്രവർത്തനങ്ങളിലുള്ള തങ്ങളുടെ പരിചയം കണക്കിലെടുത്ത് അന്തർസർവ്വകലാശാലകേന്ദ്രവുമായി ജൈവകൃഷി പ്രചരണപ്രവർത്തനങ്ങളിൽ സഹകരിക്കുന്നതിനു ധാരണാപത്രം ഒപ്പിടുന്നത് ഉചിതമായിരിക്കുമെന്നുള്ള നിർദ്ദേശം സിക്കിം ഓർഗാനിക് മിഷനുമായി ജൈവം സംഘാടക സമിതി അദ്ധ്യക്ഷനും അന്തർ സർവകലാശാല കേന്ദ്രം ഡയറക്ടറും നടത്തിയ ചർച്ചകളിൽ അവർ മുൻപോട്ട് വച്ചിരുന്നു. ജൈവം 2017ൻെറ തുടർ പ്രവർത്തനങ്ങൾക്കും അന്തർ സർവ്വകലാശാല കേന്ദ്രത്തിൻെറ ഭാവി പദ്ധതികൾക്കും ഇത്തരമൊരു ധാരണാപത്രം മുതൽക്കൂട്ടാവും എന്നതിനാൽ സിക്കിം ഓർഗാനിക് മിഷനുമായി ഗവേഷണ അക്കാദമിക മേഖലകളിലെ സഹകരണത്തിനു ധാരണാപത്രം ഒപ്പിടുന്നതിനും സിക്കിം ഓർഗാനിക് മിഷനിലെ വിദഗ്ധരെ ഉപയോഗിച്ച് ജൈവം വോളൻറിയർമാർക്കും മറ്റ് പ്രവർത്തകർക്കും പരിശീലനം നൽകുന്നതിനും കേന്ദ്രത്തിൻെറ ഭാവി പ്രവർത്തനങ്ങൾക്കു മർഗ്ഗനിർദ്ദേശം നൽകുന്നതിനും പ്രസ്തുത മിഷൻെറ പ്രവർത്തകരെ ക്ഷണിച്ചുവരുത്തുന്നതിനും അവർക്ക് അർഹമായ ടി.എ/ഡി.എ നൽകുന്നതിനും തീരുമാനിച്ചു. കൂടാതെ 'ഹരിത കേരള ജൈവ ഉച്ചകോടി 2018'ൽ സിക്കിം മുഖ്യമന്ത്രിയെ ക്ഷണിക്കുന്നതിനും ആദരിക്കുന്നതിനും തീരുമാനിച്ചു.

**തീരുമാനം 8:**

തമിഴ്നാട് കാർഷിക സർവ്വകലാശാലയുമായി അക്കാദമിക/ഓർഗാനിക് ഫാമിംഗ് ഗവേഷണ രംഗത്തെ സഹകരണത്തിനു ധാരണാപത്രം ഒപ്പിടുന്നതിനായി (തമിഴ്നാട് കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ അന്തർ സർവ്വകലാശാല കേന്ദ്രം സന്ദർശിച്ച അവസരത്തിൽ), ധാരണയായിരുന്നു. ഈ സാഹചര്യം കണക്കിലെടുത്ത് തമിഴ്നാട് കാർഷിക സർവ്വകലാശാലയുമയി അക്കാദമിക-ഗവേഷണ രംഗത്തുള്ള സഹകരണത്തിനു ധാരണാപത്രം ഒപ്പിടുന്നതിനു അനുമതി നൽകുന്നതിനു തീരുമാനിച്ചു. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു ഡോ.ജയചന്ദ്രനെ ചുമതലപ്പെടുത്തുന്നതിനു തീരുമാനിച്ചു.

**തീരുമാനം 9:**

ജൈവ കൃഷിരീതികൾ, മാലിന്യസംസ്കരണം, ജലസംരക്ഷണം എന്നിവ പൊതുജനങ്ങൾക്ക് എത്തിക്കുന്നതിൻെറ ഭാഗമായി 'മാസ്സീവ് ഓൺലൈൻ ഓപ്പൺ കോഴ്സ്' (MOOC) ഹ്രസ്വചിത്ര പരമ്പര നിർമ്മിക്കുന്നതിനു സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യൂക്കേഷൻ ആൻഡ് ടെക്നോളജിയുടെ ഡയറക്ടറുമായി ചർച്ചകൾ നടത്തിയതിൻെറ അടിസ്ഥാനത്തിൽ ഹ്രസ്വചിത്രം നിർമ്മിക്കുന്നതിനു ധാരണയായിട്ടുണ്ട്. ഇപ്രകാരം ഹ്രസ്വചിത്ര പരമ്പര നിർമ്മിക്കുന്നതിനും നവ സമൂഹമാധ്യമങ്ങളിൽ ലഭ്യമാക്കത്തക്ക രീതിയിലുള്ള ഓൺലൈൻ പ്രോഗ്രാമിൻെറ മൊഡ്യൂളുകളും നിർമ്മിക്കുന്നതിനും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യൂക്കേഷൻ ആൻഡ് ടെക്നോളജിയുമായി ധാരണാപത്രം ഒപ്പിടുന്നതിനും പ്രസ്തുത ജോലി എസ്.ഐ.ഇ.റ്റിയെ ഏൽപ്പിക്കുന്നതിനും അന്തർ സർവകലാശാല കേന്ദ്രത്തിൽ MOOC പ്രോഗ്രാം ആരംഭിക്കുന്നതിനുമുള്ള അനുമതി നൽകുന്നതിനു തീരുമാനിച്ചു. ഇതോടൊപ്പം അന്തർ സർവ്വകലാശാല കേന്ദ്രത്തിൽ 'ഇൻ സിറ്റ്യു ഗ്ലോബൽ ക്ലാസ്സ് മുറികൾ' സ്ഥാപിക്കുന്നതിനും തീരുമാനിച്ചു.

**തീരുമാനം 10:**

ജർമനിയിലെ കാസ്സൽ സർവ്വകലാശാലയിലെ 'സെക്ഷൻ ഓഫ് ഓർഗാനിക് ഫുഡ് ക്വാളിറ്റി' യുടെ വകുപ്പദ്ധ്യക്ഷയായ പ്രൊഫ.(ഡോ)എയ്ഞ്ചലിക്ക പ്ലേജറിൻെറ സേവനം

സംസ്ഥാന സർക്കാരിൻെറ എറുഡൈറ്റ് പദ്ധതിയിൽ പദ്ധതിയിൽ ലഭ്യമാക്കുന്നതിനും അതിനായി പ്രൊഫ(ഡോ).ഏയ്ഞ്ചലിക്ക പ്ലേജറിനെ അന്തർസർവ്വകലാശാല കേന്ദ്രത്തിലേക്ക് ക്ഷണിക്കുന്നതിനും, അവർക്ക് വിവിധ സർവകലാശാലകളിലെ ഗവേഷണ വിദ്യാർത്ഥികളും അക്കാദമിക സമൂഹവും കർഷകരുമായി സംവാദത്തിലേർപ്പെടുന്നതിനുമുള്ള അവസരം ഉണ്ടാക്കുന്നതിനും തീരുമാനിച്ചു. കൂടാതെ നാനോ സയൻസ്, പരിസ്ഥിതി ശാസ്ത്രം, ജൈവ കൃഷി, സുസ്ഥിര കൃഷി എന്നീ മേഖലകളിൽ നിന്നുമുള്ള അഞ്ച് അന്തരാഷ്ട്ര ശാസ്ത്രജ്ഞരെ എറുഡൈറ്റ് പദ്ധതിയിൽ ക്ഷണിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നു സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനോട് അഭ്യർത്ഥിക്കുന്നതിനു അനുമതി നൽകുന്നതിനു തീരുമാനിച്ചു.

**തീരുമാനം11:**

അന്തർസർവ്വകലാശാലാ കേന്ദ്രത്തിൽ ഒരു ഓർഗാനിക് സർട്ടിഫിക്കേഷൻ കേന്ദ്രം തുടങ്ങേണ്ടത് സംസ്ഥാനത്തെ ജൈവ കാർഷികോത്പന്നങ്ങളുടെ വിശ്വാസ്യതയും വിപണനമൂല്യവും കൂട്ടുന്നതിനു അത്യന്താപേക്ഷിതമായ കാര്യമായതിനാലും ഓർഗാനിക് സർട്ടിഫിക്കേഷനിൽ അന്തർസർവ്വകലാശാലാകേന്ദ്രം ആരംഭിക്കുവാനിരിക്കുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമാ പ്രോഗ്രാമിനു സഹായകരമയ രീതിയിൽ പ്രസ്തുത കേന്ദ്രത്തിനു പ്രവർത്തിക്കാനാവുമെന്നതിനാലും, സർവ്വകലാശാലയിലെ തന്നെ മറ്റ് അന്തർ സർവ്വകലാശാല കേന്ദ്രങ്ങളിലെയും അന്തർ സ്കൂൾ കേന്ദ്രങ്ങളിലെയും ഗവേഷണ സൗകര്യങ്ങളും സർവ്വകലാശാലക്ക് പുറത്തുള്ള മറ്റ് ഗവേഷണ സ്ഥാപനങ്ങളിലെ സൗകര്യങ്ങളും ഫലപ്രദമായി ഉപയോഗിച്ചു കൊണ്ട് ഒരു ഓർഗാനിക് സർട്ടിഫിക്കേഷൻ കേന്ദ്രം തുടങ്ങുന്നതിനു തീരുമാനിച്ചു. സംസ്ഥാനത്തു ഓർഗാനിക് സർട്ടിഫിക്കേഷനിൽ കോഴ്സ് നടത്തുന്ന മറ്റ് സ്ഥാപനങ്ങളില്ലാത്തതിനാലും ഓർഗാനിക് സർട്ടിഫിക്കേഷനു പ്രാധാന്യം വർദ്ധിച്ചു വരുന്നതിനാലും ഓർഗാനിക് സർട്ടിഫിക്കേഷൻ അസ്സസ്സർ/ഓഡിറ്റർ കോഴ്സ് നടത്തുന്നതിനു സർവ്വകലാശാലയിലെ മറ്റ് പഠന വകുപ്പുകളും സെൻററുകളുമായും സഹകരിച്ച് ഓർഗാനിക് സർട്ടിഫിക്കേഷൻ ആവശ്യങ്ങൾക്കായി പരിഷ്കാരങ്ങൾ വരുത്തി ശാസ്ത്രോപകരണങ്ങൾ ഉപയോഗിക്കുന്നതിനും അനുമതി നൽകുന്നതിനു തീരുമാനിച്ചു

അന്തർ സർവ്വകലാശാലാകേന്ദ്രത്തിൻെറ സ്ഥാപനത്തിനായി 2015ൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച ഒരു കോടി രൂപ വിനിയോഗിച്ചാണ് കേന്ദ്രം നാളിതു വരെയുള്ള പ്രവർത്തങ്ങൾ നടത്തി വന്നിട്ടുള്ളത്. എന്നാൽ ഭാവിയിൽ ധാരാളം ഗവേഷണ, അക്കാദമിക പ്രവർത്തനങ്ങളും എക്സ്റ്റൻഷൻ പ്രവർത്തനങ്ങളും നടത്തേണ്ടുന്നതുണ്ടെന്നതിനാൽ ഓർഗാനിക് സർട്ടിഫിക്കേഷനാവശ്യമായ പരീക്ഷണശാലയും അനുബന്ധ ഉപകരണങ്ങളും അടിസ്ഥാനസൗകര്യവും ഏർപ്പെടുത്തുന്നതിന് അന്തർസർവ്വകലാശാല കേന്ദ്രങ്ങൾക്കായി സംസ്ഥാനബജറ്റിൽ വകയിരുത്തിയിട്ടുള്ള ഒൻപത് കോടി രൂപയിൽ നിന്നും ഒരു കോടി രൂപ അനുവദിക്കണമെന്നും പ്രസ്തുത ബജറ്റ് ഹെഡിൽ പണം ലഭ്യമല്ലെങ്കിൽ ഉന്നത വിദ്യാഭ്യാസവകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിലും പദ്ധതികളിലും, ചിലവാകാതെ കിടക്കുന്ന പദ്ധതി വിഹിതത്തിൽനിന്നും അന്തർസർവ്വകലാകേന്ദ്രത്തിൻെറ പ്രവർത്തനത്തിനായി ഒരു കോടി രൂപ അനുവദിക്കണമെന്നും ശുപാർശ ചെയ്യുന്നതിനു തീരുമാനിച്ചു നിലവിലെ സാമ്പത്തിക സ്ഥിതി വച്ച് സർവ്വകലാശാലക്ക് ഇത്തരത്തിൽ ഒരു കേന്ദ്രം തുടങ്ങുന്നതിനു പണം ലഭ്യമല്ലാത്തതിനാലും ഓർഗാനിക് സർട്ടിഫിക്കേഷനാവശ്യമായ പരീക്ഷണശാലയും അനുബന്ധ ഉപകരണങ്ങളും അടിസ്ഥാനസൗകര്യവും ഏർപ്പെടുത്തുന്നതിനു ഏകദേശം 50 കോടിയോളം രൂപ ചിലവ് വരുമെന്നതിനാലും ടി പദ്ധതി കിഫ്ബിയുടെ

ധനസഹായത്തോടെ നടപ്പിലാക്കുന്നതിനായി സർവ്വകലാശാലയുടെ മറ്റ് പദ്ധതികൾക്കൊപ്പം ഓർഗാനിക് സർട്ടിഫിക്കേഷൻ കേന്ദ്രം സ്ഥാപിക്കുന്നതിനായുള്ള പദ്ധതിയും തയ്യാറാക്കി കിഫ്ബിക്കു സമർപ്പിക്കുന്നതിനു സർവ്വകലാശാല സിൻഡിക്കേറ്റിനോട് ശുപാർശ ചെയ്യുന്നതിനു തീരുമാനിച്ചു.

**തീരുമാനം 12:**

ജൈവം 2017-ൽ മൊബൈൽ ആപ്പ് വഴിയും ഇതര സംവിധാനങ്ങൾ വഴിയും ശേഖരിച്ച വിവരങ്ങളും, സോഷ്യൽ ആൻഡ് പെർഫോമൻസ് ഓഡിറ്റിന്റെ വിലയിരുത്തലുകളും ഉൾപ്പെടുത്തിക്കൊണ്ട് ഒരു സമ്പൂർണ്ണ പഠനറിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനും പ്രസ്തുത റിപ്പോർട്ട് കേരള സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നു. ഇത്തരത്തിൽ ഒരു സമ്പൂർണ്ണ പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകുന്നതിനു തീരുമാനിച്ചു.

**തീരുമാനം 13:**

ജൈവം 2017-ന്റെ സമാപന സമ്മേളനം 2018 ആഗസ്റ്റിൽ നടത്തുന്നതിനും സമാപന സമ്മേളനത്തിൽ ജൈവത്തിൽ പങ്കെടുത്ത എല്ലാ വോളൻറിയറന്മാരെയും പ്രോഗ്രാം ഓഫീസർമാരെയും കോളേജ് പ്രിൻസിപ്പൽമാരെയും പങ്കെടുപ്പിക്കുന്നതിനും അവർക്ക് യാത്രാബത്തയും ഉച്ചഭക്ഷണവും നൽകുന്നതിനും തീരുമാനിച്ചു

**തീരുമാനം 14:**

അന്തർ സർവ്വകലാശാല കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഉദയനാപുരം ഗ്രാമപഞ്ചായത്തിലെ വല്ലകം പാടശേഖരത്ത് 2016-17 വർഷം, തണ്ണീർ തട സംരക്ഷണത്തിന്റെ ഭാഗമായി 'ലൈവ് ലബോറട്ടറി'യായി ഞവര നെൽകൃഷി നടത്തുകയും വിളവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. നെൽകൃഷിക്കായി സർവ്വകലാശാലയിലെ സെക്ഷൻ ഓഫീസറായ ശ്രീ. ജോർജ്ജ് മുല്ലക്കരക്ക് പ്രൊവിഷണൽ അഡ്വാൻസ് ആയി നൽകിയ ₹40000/- രൂപയിൽ ₹18208/- രൂപ ചിലവായതായി ടിയാൻ കണക്ക് നൽകിയിട്ടുണ്ട്. ടി കണക്കുകൾ എക്സിക്യൂട്ടീവ് സമിതി അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

**തീരുമാനം 15:**

ജൈവം കോർഡിനേറ്റർ ആയി ജോലി ചെയ്തു വരുന്ന് ശ്രീ. ജി ശ്രീകുമാറിന്റെ കരാർ കാലാവധി 06/10/2017 നു അവസാനിച്ചിരിക്കുന്ന സാഹചര്യത്തിൽ ടിയാളുടെ കരാർ കാലയളവു മൂന്നു മാസത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകിയ വൈസ് ചാൻസലറുടെ നടപടി അംഗീകരിക്കുന്നതിനും 07/10/2017 മുതൽ ആറു മാസത്തേക്കു കൂടി ദീർഘിപ്പിക്കുന്നതിനും ഇതിനായി പുതുതായി കരാർ ഒപ്പിടുന്നതിനു ശ്രീ. ജി ശ്രീകുമാറിനോട് ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു.

**തീരുമാനം 16:**

വാളകം മേച്ചാലിൽ ഉള്ള പ്രാദേശിക കേന്ദ്രത്തിൽ ജൈവ കൃഷി സംബന്ധമായ ഹ്രസ്വകാല കോഴ്സുകൾ പുനരാരംഭിക്കുന്നതിനുള്ള അനുമതി നൽകുന്നതിനു തീരുമാനിച്ചു.

**തീരുമാനം 17:**

വല്ലകത്തെ ലൈവ് ലബോറട്ടറിക്കായി പാട്ടത്തിനെടുത്ത പാടത്ത് ഉദയനാപുരം ഗ്രാമപഞ്ചായത്തിന്റെ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2.5 ഏക്കർ സ്ഥലം കൃഷിയോഗ്യമാക്കിയിട്ടുണ്ട്. ടി സ്ഥലത്ത് നവംബർ മാസം ഞവര നെല്ലിനം കൃഷി

ചെയ്യുന്നതിനും കൃഷിക്കാവശ്യമായ പണം ചെലവിക്കുന്നതിനുമുള്ള അനുമതി നൽകുന്നതിനു തീരുമാനിച്ചു.

**തീരുമാനം 18:**

വല്ലകത്തെ ലൈവ് ലബോറട്ടറിയിൽ നിന്നും 2016-17 വർഷം നടത്തിയ കൃഷിയുടെ വിളവായി ലഭിച്ച ഞവര അരി വിവിധ അതിഥികൾക്ക് നൽകിയതിനു ശേഷം ബാക്കിയുള്ള 63 കിലോ അരി കിലോ ഒന്നിനു ₹250/- രൂപ പ്രകാരം വിൽപന നടത്തുന്നതിനു അനുമതി നൽകുന്നതിനു തീരുമാനിച്ചു.

**തീരുമാനം 19:**

ജൈവ സുസ്ഥിര കൃഷിക്കായുള്ള അന്തർ സർവ്വകലാശാല കേന്ദ്രത്തിൻെറ ജോയിൻറ് ഡയറക്ടർ ആയി ഡോ.സന്തോഷ്.പി.തമ്പിയെ (സ്കൂൾ ഓഫ് മാനേജ്മെൻറ് & ബിസിനസ് സ്റ്റഡീസ്) നിയമിക്കുവാനും അദ്ദേഹത്തിനു അന്തർ സർവ്വകലാശാല കേന്ദ്രത്തിൻെറ എല്ലാവിധ സാമ്പത്തിക ഇടപാടുകൾ നടത്തുവാനുള്ള അധികാരം നൽകുന്നതിനും തീരുമാനിച്ചു.

**തീരുമാനം 20:**

പ്രകൃതി-ഹരിതകേരളം ജൈവ ഉച്ചകോടി 2018ൽ കാർഷിക രംഗത്തിനും ജലസംരക്ഷണത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനും മുതൽക്കൂട്ടാവുന്ന രീതിയിൽ നൂതനാശയങ്ങൾ/ഉപകരണങ്ങൾ വികസിപ്പിക്കുന്ന വിദ്യാർത്ഥികൾക്കായി പ്രദർശനം സംഘടിപ്പിക്കുന്നതിനും മികച്ച കണ്ടുപിടുത്തത്തിനു നൂതനാശയത്തിനും സമ്മാനങ്ങൾ താഴെപ്പറയും പ്രകാരം നൽകുന്നതിന് തീരുമാനിച്ചു.

1. ഒന്നാം സമ്മാനം - ₹10,000/-
2. രണ്ടാം സമ്മാനം - ₹5,000/-
3. മൂന്നാം സമ്മാനം - ₹2,500/-

**തീരുമാനം 21:**

പ്രകൃതി-ഹരിതകേരളം ജൈവ ഉച്ചകോടി 2018ൻെറ വേദിയും പ്രദർശന സ്റ്റാളുകളും രൂപ കൽപ്പന ചെയ്യുന്നതിനു സി.പി.ഡബ്ല്യു.ഡി-യെ ചുമതലപ്പെടുത്തുന്നതിനും നിയമാനുസൃത പ്രതിഫലം നൽകുന്നതിനും അനുമതി നൽകുന്നതിന് തീരുമാനിച്ചു.

പ്രകൃതി-ഹരിത കേരളം ജൈവ ഉച്ചകോടി 2018ൻെറ ഭാഗമായി നടത്തുന്ന അന്താരാഷ്ട്ര സെമിനാർ, എക്സിബിഷൻ എന്നിവയുടെ അക്കാദമിക ജോലികൾക്കായി സർവ്വകലാശാല പഠന വകുപ്പുകളിലെ യോഗ്യരായ രണ്ടു പി എച്ച് ഡി /പോസ്റ്റ് ഡോക്ടറൽ വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനു വൈസ് ചാൻസലറേയും പ്രോവൈസ് ചാൻസലറേയും ചുമതലപ്പെടുത്തുന്നതിനും അവരെ ആറു മാസത്തേക്ക് കരാറടിസ്ഥാനത്തിൽ ടി ചുമതലകൾ ഏൽപ്പിക്കുന്നതിനും അവർക്ക് യഥാക്രമം ₹20,000/-, ₹25.000/- രൂപ പ്രതിമാസ വേതനം നൽകുന്നതിനും അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**തീരുമാനം 22:**

കേന്ദ്രത്തിൻെറ പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും ഒപ്പം ജൈവം പദ്ധതി കൂടുതൽ ഗുണഭോക്താക്കളിലേക്കെത്തിക്കുന്നതിനും പ്രചരണം ശക്തമാക്കുന്നതിനും 2018 ഏപ്രിലിൽ നടത്തുന്ന അന്താരാഷ്ട്ര സെമിനാർ, കാർഷിക ഉച്ചകോടി എന്നിവയുടെ ആവശ്യത്തിനും നിലവിലുള്ള വെബ്സൈറ്റ് കൂടുതൽ കാര്യക്ഷമവും

ആകർഷകവും ഉപയോഗയോഗ്യവും ആക്കുന്നതിനായി യോഗ്യമായ ഒരു സ്ഥാപനത്തെ ഏൽപ്പിക്കുന്നതിനു അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**തീരുമാനം 23:**

അന്യം നിന്നും പോവുന്നതും വളരെ അപൂർവമായതുമായ കാർഷിക ഉപകരണങ്ങൾ, കൃഷി ഗീതങ്ങൾ, രേഖകൾ, കാർഷിക സംസ്കൃതിയുമായി ബന്ധപ്പെട്ട സംഗീതോപകരണങ്ങൾ, അന്യം നിന്നു പോവുന്ന വിത്തിനങ്ങൾ എന്നിവക്കായി ഒരു മ്യൂസിയം സ്ഥാപിക്കുന്നതിനു 50 ലക്ഷം രൂപ സർവ്വകലാശാല ബജറ്റിൽ നീക്കി വയ്ക്കുന്നതിനു ബഹു: വൈസ് ചാൻസലറോട് അഭ്യർത്ഥിക്കുന്നതിനു തീരുമാനിച്ചു.

**തീരുമാനം 24:**

ഗ്ലോബൽ ഓർഗാനിക് മീറ്റിന്റെ കരട് ബജറ്റ് താഴെപ്പറയും പ്രകാരം അംഗീകരിക്കുന്നതിനു തീരുമാനിച്ചു.

**Budget (Abstract)**

**Receipts**

| **Sl.No** | **Source of Revenue** | **Amount (in Rs)** |
|---|---|---|
| 1 | Plan Fund | ₹25,00,000 |
| 2 | Funds available from Jaivam | ₹5,000,00 |
| 2 | Sponsorship, Rent, Advertisement | ₹35,00,000 |
| 3 | UGC XIIth Plan | ₹1,22,666 |
| 4 | Registration fee | ₹5,50,000 |
| 5 | Funds from the University | ₹10,00,000 |
| **Total Receipt** | | **₹81,72,666** |

**Expenditure**

| Sl No | **Item** | **Amount** |
|---|---|---|
| 1. | Publicity including brochures, posters, banners, media coverage, postage etc. | ₹5,00,000 |
| 2. | Travel and Honorarium including TA/DA, Taxi, and Petrol charges etc. | ₹5,00,000 |
| 3. | Food and refreshment | ₹4,00,000 |
| 4. | Local hospitality | ₹5,00,000 |
| 5. | Stage and Pandals | ₹6,00,000 |
| 6. | Construction Work – Exhibition Stalls, Barricades, Food Stalls etc. | ₹10,00,000 |
| 7. | Light and Sound, Video Recording/LED walls | ₹5,00,000 |
| 8. | Cultural Events | ₹6,00,000 |
| 9. | Light and sound show | ₹10,00,000 |
| 10. | Website | ₹2,00,000 |
| 11. | Consultancy charges | ₹1,00,000 |
| 12. | Seminar materials | ₹3,00,000 |
| 13. | Agri Farm visits | ₹1,00,000 |
| 14. | Publication of souvenir, abstracts, proceedings | ₹3,00,000 |
| 15. | Stationary | ₹3,00,000 |
| 16. | Cleaning and other labour | ₹1,00,000 |
| 17. | Secretarial assistance for 6 months and wages for casual labourers | ₹7,00,000 |
| 18. | Security /Surveillance | ₹1,00,000 |

| | | |
|---|---|---|
| 19. | Water and Electricity | ₹1,00,000 |
| 20. | Overhead Charges to the host institution | ₹50,000 |
| 21. | Miscellaneous | ₹2,00,000 |
| **Total** | | **₹81,50,000** |

പരാമർശം (1) മിനിട്ട്സ് ബഹു:വൈസ് ചാൻസിലർ അംഗീകരിച്ചതിൻ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

സുനിൽ ബാബു.കെ

അസിസ്റ്റൻറ് രജിസ്ട്രാർ (ക്യാപ്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1. ഓണററി ഡയറക്ടർ, സുസ്ഥിര ജൈവകൃഷിക്കായുള്ള കേന്ദ്രം.
2. ബന്ധപ്പെട്ട വ്യക്തികൾ
3. വൈസ് ചാൻസിലറുടെ/പ്രൊ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
4. രജിസ്ട്രാറുടെ/ഫിനാൻസ് ഓഫീസറുടെ പേഴ്സണൽ അസിസ്റ്റൻറ്
5. ജോയിൻറ് രജിസ്ട്രാർ-1 (ഭ:വി)/ഡെപ്യൂട്ടി രജിസ്ട്രാർ-1(ഭ:വി)/അസി.രജിസ്ട്രാർ(ക്യാപ്)
6. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, എം.ജി.യു ഓഡിറ്റ്
7. ഫിനാൻസ് 1/4, ഓഡിറ്റ് 1/5, എസി സി /എഡി ഡി/ഐ.ക്യു.എ.സി
8. റെക്കോർഡ്സ് സെക്ഷൻ/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ
9. ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

*ഫയൽ നം.465/എ7/IUCOFSA/2016/ഭ:വി*